നം.കെ.എസ്.എ.പിറ്റിഎ.പി4-710/19 തീയതി:17.08.19

# പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 08-11-2018 മുതൽ 27-06-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥയുടെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.7.2019 മുതൽ 23.7.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീമതി സ്നിഗ്ദ്ധ എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അരുൺ എസ്. നായർ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി ശ്രീലേഖാ രഘുനാഥ് | 1.4.2018 മുതൽ 31.3.2019 വരെ |

**വൈസ് പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. ചെറിയാൻ സി തോമസ് | 1.4.2018 മുതൽ 31.3.2019 വരെ |

**സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ**

| | |
|---|---|
| ശ്രീമതി പ്രസന്ന സതീഷ് *(വികസനകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി ജയ ബിജു *(ആരോഗ്യം- വിദ്യാഭ്യാസം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ. പ്രസാദ് ഇ എം *(ക്ഷേമകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. സി പി സനൽകുമാർ | 1.4.2018 മുതൽ 4.8.2018 വരെ |
| ശ്രീമതി മഞ്ജു ബി , അസിസ്റ്റന്റ് സെക്രട്ടറി *(സെക്രട്ടറിയുടെ ചുമതല)* | 5.8.2018 മുതൽ 9.8.2018 വരെ |
| ശ്രീമതി ഷീബ എസ് | 10.8.2018 മുതൽ 31.3.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീ. ജയൻ റ്റി വി | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | |
| ഡോ. ഷൈലാ മാത്യു | 1.4.2018 മുതൽ 16.08.2018 വരെ |
| ഡോ. ജ്യോതീന്ദ്രൻ എസ് | 17.08.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | |
| ഡോ. പ്രവീൺ | 1.4.2018 മുതൽ 25.11.2018വരെ |
| ഡോ. റോണാൾഡ് പി റോസ് | 26.11.2018 മുതൽ 31.03.2019വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. ദീപ ആർ കമല | 1.4.2018 മുതൽ 31.3.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീമതി പ്രമീള പി പി | 1.4.2018 മുതൽ 14.6.2018 വരെ |
| ശ്രീ. മാർട്ടിൻ ആന്റണി | 15.6.2018 മുതൽ 21.7.2018 വരെ |
| ശ്രീ. പോൾ പി ചാക്കോ | 22.7.2018 മുതൽ 6.3.2019 വരെ |
| ശ്രീ. ജലീം എസ് | 7.3.2019 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുറ്റൂർ)** | |
| ശ്രീ. ലിജോ സൈമൺ | 1.4.2018 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തെങ്ങേലി)** | |
| ശ്രീമതി ദീപ്തി എസ് | 1.4.2018 മുതൽ 31.3.2019 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ. ജിജി ജഗനാഥൻ | 1.4.2018 മുതൽ 31.3.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| | |

| | |
|---|---|
| ശ്രീമതി മെഹറുന്നിസ | 1.4.2018 മുതൽ 31.3.2019 വരെ |
| **ഹെഡ് മിസ്ട്രസ്സ്, യുപിഎസ്,** | |
| ശ്രീമതി ഉഷാകുമാരി പി | 1.4.2018 മുതൽ 31.3.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | |
| ശ്രീമതി ഷീബ വി | 1.4.2018 മുതൽ 31.3.2019 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാല്പ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2018-19

## സൂചിക

| ക്രമ നം. | ഖണ്ഡിക നം. | വിഷയം |
|---|---|---|
| | | ഭാഗം 1- പൊതു അവലോകനം |
| 1 | 1-1 | ബഡ്ജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | പൊതുഅവലോകനം, ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| | | ഭാഗം 2 – വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-1 | റഗുലറൈസേഷൻ നടപടികൾ പൂർത്തീകരിച്ചില്ല |
| 14 | 2-2 | അർഹതയില്ലാത്തവർക്ക് വസ്തുനികുതി ഇളവ് നൽകി |
| 15 | 2-3 | വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഒരേ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു. |
| 16 | 2-4 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 17 | 2-5 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയില്ല |
| 18 | 2-6 | വാടക ഈടാക്കിയതിൽ അപാകതകൾ |
| 19 | 2-7 | ലൈസൻസ് നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ അപാകത |
| 20 | 2-8 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 21 | 2-9 | ടെൻഡർ ഫോമിന്റെ വില -പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചില്ല |
| | | ഭാഗം 3 – ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 22 | 3-1 | പൊതുമരാമത്ത്പ്രവൃത്തികൾക്കായി വകയിരുത്തിയ 9296071 രൂപ ലാപ്സായി |
| 23 | 3-2 | ജീവനക്കാര്യം- പരാമർശങ്ങൾ |
| 24 | 3-3 | വൈദ്യുതി ചാർജ്ജ് സംബന്ധിച്ച പരാമർശങ്ങൾ |
| 25 | 3-4 | അധിക സെന്റേജ് ചാർജ്ജ് ഒടുക്കിയത് |
| 26 | 3-5 | മാലിന്യ നിർമ്മാർജ്ജനത്തിന് നടപടികൾ സ്വീകരിക്കണം |
| 27 | 3-6 | ലൈബ്രറി പ്രവർത്തിക്കുന്നില്ല |
| 28 | 3-7 | അഗതി രഹിത കേരളം- പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച |
| 29 | 3-8 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു |
| | | |

| | | |
|---|---|---|
| 30 | 3-9 | പൊതു ടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് ബാദ്ധ്യത |
| 31 | 3-10 | ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം പ്രവൃത്തിയിൽ മാറ്റം വരുത്തി നടപ്പാക്കി-സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം |
| 32 | 3-11 | പാലിയേറ്റീവ് ദിനാചരണത്തോട് അനുബന്ധിച്ച് ഭക്ഷണകിറ്റ് വിതരണം നടത്തിയത്-മാർഗ്ഗരേഖാലംഘനം |
| 33 | 3-12 | എസ്.സി.പി.ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല |
| 34 | 3-13 | ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ-ചെലവ് കണക്കുകൾ ഇല്ലാതെ ഫൈനൽ ബിൽ തുക നല്കി |
| 35 | 3-14 | സ്കൂളിന് പാചകപ്പുര നിർമ്മാണം-ടെൻഡർ കുറവ് വരുത്തിയില്ല |
| 36 | 3-15 | ഫൈനൽ ബിൽ തുകയിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല |
| 37 | 3-16 | മരാമത്ത് പ്രവൃത്തികൾ - മറ്റ് അപാകതകൾ |
| 38 | 3-17 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല |
| 39 | 3-18 | ആശുപത്രിയിലേയ്ക്കുള്ള മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല |
| 40 | 3-19 | ലൈഫ് ഭവന പദ്ധതി -വിവരങ്ങൾ |
| 41 | 3-20 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ മന്ദഗതിയിൽ |
| | | ഭാഗം 4 – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും |
| 42 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും |
| 43 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 44 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം |
| 45 | 4-4 | വായ്പ / വായ്പാ തിരിച്ചടവ് |
| 46 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 47 | 4-6 | ഓഡിറ്റ് റിക്കവറി |
| 48 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 49 | 4-8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം |
| 50 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 5.3.18-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 28.3.18-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 13181013 | 4919789 | | 8261224 |
| വരവ് | 24130000 | 54346864 | | 30216864 |
| ആകെ | 26830373 | 59266653 | | 32436280 |
| ചെലവ് | 14891675 | 48303215 | | 33411540 |
| നീക്കിയിരിപ്പ് | 2700373 | 10963438 | | 8263065 |

ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും, യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ സ്ഥാപനത്തിലെ ഉചിതമല്ലാത്ത ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2018-19 | 31.7.2019 | 09-07-2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് 09-07-19-ലെ കെ.എസ്.എ.പി.റ്റി.എ.പി1/602(9)/ 19-നമ്പർ പ്രകാരം വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ്

നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 4919789 |
| വരവ് | 54346864 |
| ആകെ | 59266653 |
| ചെലവ് | 48303215 |
| നീക്കിയിരിപ്പ് | 10963438 |

# 1-5 ഫണ്ട് വിനിയോഗം

| | *മുൻ ബാക്കി* | *തൻവർഷ വരവ്/ അലോട്ട്മെന്റ് തുക* | *ആകെ* | *ചെലവ്* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 11202000 | 11202000 | 10477435 |
| വികസന ഫണ്ട് (എസ്.സി.പി) | - | 7092996 | 7092996 | 4705808 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 107000 | 107000 | 107000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 8442999 | 8442999 | 6345789 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 2780001 | 2780001 | 2728208 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 6906693 | 6906693 | 3589329 |
| ട്രഷറി ജനറൽ പർപ്പസ് ഫണ്ട് | 9398 | 8209463 | 8218861 | 6213517 |
| ട്രഷറി ജോയിന്റ് വെഞ്ചർ | -22500 | 2139988 | 2117488 | 1299347 |
| എസ്.ബി.ഐ- ഇ പെയ്മെന്റ് | 58668 | 40117 | 98975 | 11816 |
| ബി ഫണ്ട് | - | 28190020 | 28190020 | 28190020 |
| പി.ഡി.സി.ബി- കുറ്റൂർ | 4721452 | 10785174 | 15506626 | 7707918 |

**ബി)** <u>തനത് വരുമാനം</u>

| *ഇനം* | *മുൻവർഷ വരവ്* | *തൻവർഷ വരവ്* | *വ്യത്യാസം (+/-)* |
|---|---|---|---|
| നികുതി വരവുകൾ | 3872510 | 7778603 | 3906093 |
| നികുതിയേതര വരവുകൾ | 634807 | 271561 | - 363246 |
| മറ്റ് വരവുകൾ | 1322366 | 362007 | -960359 |
| ആകെ | 5829683 | 8412171 | 2582488 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 152 | 54622576 | 99 | 32246112 | 53 | 59.03 |

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 18 | 5860400 | 17 | 3636027 | 62.04 |
| സേവനം | 62 | 29154119 | 39 | 17947435 | 61.56 |
| പശ്ചാത്തലം | 72 | 19608057 | 43 | 10662650 | 54.37 |
| **ആകെ** | **152** | **54622576** | **99** | **32246112** | **59.03** |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 12 | 7077848 | 5902785 | 83.4 |
| അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 360000 | 225659 | 62.68 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 81 | 45 | 23511040 | 10376221 | 44.13 |
| വി.ഇ.ഒ, കുറ്റൂർ | 5 | 3 | 5836938 | 3262000 | 55.88 |
| വി.ഇ.ഒ, തെങ്ങേലി | 7 | 4 | 4794450 | 4018549 | 83.81 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 2077000 | 1511601 | 72.78 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 1 | 1 | 400000 | 400000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 3914900 | 2747270 | 70.17 |
| കൃഷി ഓഫീസർ | 7 | 7 | 2234700 | 1481802 | 66.31 |
| വെറ്ററിനറി സർജൻ | 9 | 9 | 3125700 | 1954225 | 62.52 |
| എച്ച്.എം, ഗവ. യു.പി.എസ് | 4 | 1 | 940000 | 16000 | 1.7 |
| ഡയറി ഫാം | 1 | 1 | 200000 | 200000 | 100 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്ട്രക്ടർ | | | | | |
| **ആകെ** | **152** | **99** | **54622576** | **32246112** | **59.03** |

# 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5543 | 985787 | 991330 | 977950 | 13380 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 14882648 | 14882648 | 14882648 | - |
| ആകെ | 5543 | 15868435 | 15873978 | 15860598 | 13380 |

# 1-8 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 201 | 2650200 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1435 | 16776800 |
| വികലാംഗ പെൻഷൻ | 197 | 2645000 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 176800 |
| വിധവാ പെൻഷൻ | 503 | 5914700 |
| തൊഴിൽരഹിത വേതനം | 20 | 26520 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.7.19-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 36783/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 പൊതുഅവലോകനം, ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന് ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

2018-19 വർഷത്തെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തിരഞ്ഞെടുപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ താരതമ്യേന എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവ് പ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതായോ ഉള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. നടപ്പാക്കാത്ത പ്രോജക്ടുകളിൽ ഭൂരിഭാഗവും അസിസ്റ്റന്റ് എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളായിരുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിൽ സ്റ്റാൻഡിംഗ്കമ്മിറ്റികളുടെ ഇടപെടൽ കാര്യക്ഷമമല്ല. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നാല് പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും ഹരിതകർമ്മസേനയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി പ്രതിഫലം നൽകിയതാണ് നടപ്പാക്കിയ ഏക പ്രോജക്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും ഒന്നും നടപ്പാക്കിയില്ല.

<u>പശ്ചാത്തല മേഖല- റോഡ് കോൺക്രീറ്റിംഗിൽ ഒതുങ്ങുന്നു</u>

പാശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്നു നടപ്പാക്കിയവയിൽ ഭൂരിഭാഗവും. അഞ്ച് ലക്ഷമോ, അതിൽ കൂടുതലോ അടങ്കലുള്ള പ്രവൃത്തികൾ നാലെണ്ണം മാത്രമായിരുന്നു. കുറഞ്ഞ അടങ്കൽ തുകയിൽ ചെറിയ ചെയിനേജിൽ അസംഖ്യം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കുന്നത് വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്ന സങ്കുചിത കാഴ്ചപ്പാടിലൂന്നിയാണ്. ചെറിയ അടങ്കൽ തുകയ്ക്കുള്ള അനവധി പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കഴിയാതെ വരികയും പ്രവൃത്തികൾ സ്പിൽഓവർ ആകുകയും ചെയ്യുന്ന ഒരു സാഹചര്യം നിലനിൽക്കുന്നു. മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചുകൊണ്ട് റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനോ, സമഗ്രമായ റോഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിനോ നടപടികൾ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. ചെറിയ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും സമഗ്രമായ റോഡ് വികസനം ലക്ഷ്യമാക്കി ഫലപ്രാപ്തിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

<u>*വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.*</u>

പദ്ധതിആസൂത്രണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്.ഓരോ വിഷയമേഖലയിലെയും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണെങ്കിലും പ്രോജക്ട് നിർദ്ദേശങ്ങളിൽ മാത്രമൊതുങ്ങുന്നതായി മിനിട്സ് പരിശോധിച്ചതിൽ ബോധ്യമായി. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതിആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനോ, മാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനോ ശ്രദ്ധ പതിപ്പിച്ചിട്ടില്ല. സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ, ബാങ്ക്/ സഹകരണസ്ഥാപനങ്ങളുമായി ചർച്ച തുടങ്ങിയവയും നടന്നിട്ടില്ല.

*മോണിട്ടറിംഗ് ഫലപ്രദമല്ല.*

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.എന്നാൽ ഇപ്രകാരമുള്ള ഒരു മോണിട്ടറിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലുകളിലൊന്നിലും ഉൾപ്പെടുത്തിയിരുന്നില്ല.

*പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ്*

പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ അംഗീകരിച്ച പ്രോജക്ട്, എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, സാങ്കേതികാനുമതി രേഖ എന്നിവ മിക്ക ഫയലിലും ഉൾപ്പെടുത്തിയിരുന്നില്ല.സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നില്ല.എഗ്രിമെന്റ് രജിസ്റ്ററിലും കരാറിലും കരാർ കാലയളവ് രേഖപ്പെടുത്തുന്നില്ല.സെലക്ഷൻ നോട്ടിസ് തയ്യാറാക്കി യിട്ടില്ല. പിഴഒടുക്കാതെ കരാർ ചമയ്ക്കുന്നതിനുള്ള അവസാന തീയതി രേഖപ്പെടുത്തുന്നില്ല.കംപ്ളീഷൻ സർട്ടിഫിക്കറ്റ്, മോണിട്ടറിംഗ് റിപ്പോർട്ട്, വർക്ക് ബിൽ കോപ്പി എന്നിവയുംഉൾപ്പെടുത്തിയിട്ടില്ല. ഉപയോഗിച്ച സാധനങ്ങളുടെ അളവ് എം ബുക്കിൽ രേഖപ്പെടുത്തുന്നില്ല

ആരോഗ്യ മേഖലയിൽ പാലിയേറ്റീവ് പ്രോജക്ട് കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. വിദ്യഭ്യാസമേഖലയിൽ ആവിഷ്ക്കരിച്ച സ്കൂളുകൾക്ക് ഫർണിച്ചർ,പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും എന്നീ പ്രോജക്ടുകളും യുവജനങ്ങൾക്കായുള്ള സ്പോർട്സ് ഫെസ്റ്റ് പ്രോജക്ടും നടപ്പിലായില്ല.

*സ്റ്റാൻഡിംഗ് കമ്മിറ്റികൾ*

*വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി*

വാർഷികപദ്ധതി അവലോകനത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല.മരാമത്ത് പ്രവൃത്തികളിൽ സ്പിൽഓവർ നാലെണ്ണം ഉൾപ്പെടെ 36 എണ്ണം നടപ്പാക്കിയില്ലയെന്നത് പദ്ധതി നിർവ്വഹണത്തിൽ വന്ന വീഴ്ചയാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടില്ല.നിർവഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ അവലോകനയോഗങ്ങൾ വിളിച്ചുചേർത്ത് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ല. പദ്ധതിചെലവ് ശതമാനത്തിലും കുറവ് സംഭവിച്ചിട്ടുണ്ട്.

*ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി*

വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്നതിലുപരി പദ്ധതിപ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടില്ല.തനത് വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ചകളും ഉണ്ടായിട്ടില്ല.

*ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി*

പ്രോജക്ട് നിർദ്ദേശങ്ങൾ നല്കുകയും പദ്ധതി പ്രവർത്തനംഅവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്.മഴക്കാലപൂർവ്വ ശുചീകരണം,ഹരിതകർമ്മസേനപ്രവർത്തനങ്ങൾ എന്നിവയിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി*

വിവിധ ക്ഷേമ പെൻഷനുകളുടെ അംഗീകാരം മാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട ക്രിയാത്മക നിർദ്ദേശങ്ങളോ,വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശമോ നല്കിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ്* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച* |
|---|---|---|---|
| | | | |

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.6.2019 | 5/2019 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.2.2014 | 2007-08 മുതൽ 2012-13 വരെ | 21.4.2014 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

**ഷെഡ്യൂൾ ബി 3**

- ക്യാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ ആയി മുൻ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്തിട്ടില്ല.

**ഷെഡ്യൂൾ ബി-4**

- എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ ബാലൻസ് ആയി കാണിച്ചിട്ടുള്ളത് ₹969330 ആണ്. എന്നാൽ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പ്രകാരം ഇത് ₹13380 ആണ്.
- ശുചിത്വമിഷൻ ഗ്രാന്റ്, വിമുക്തി ഫണ്ട് എന്നിവയ്ക്ക് പ്രത്യേക അക്കൗണ്ടും എ.സി.ആറും സൂക്ഷിച്ചിട്ടില്ല. അതിനാൽ ഈ ഇനങ്ങളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
- ജോയിന്റ് വെൻചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക തെറ്റാണ്.
- ഗുണഭോക്തൃവിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള ₹16275രൂപയുടെ കണക്ക് സൂക്ഷിച്ചിട്ടില്ല.
- **ഷെഡ്യൂൾ ബി-9**
- എംപ്ലോയി ലയബിലിറ്റി ഇനത്തിൽ കാണിച്ചിട്ടുള്ള തുക തെറ്റാണ്.

**ഷെഡ്യൂൾ ഐ1 & ആർ.പി.43**

- വസ്തുനികുതി ഡിമാന്റ്, വരവ്, നീക്കിയിരിപ്പ് തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 റഗുലറൈസേഷൻ നടപടികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിൽ പോബ്സ് ഗ്രൂപ്പിന്റെ ഓഫീസ് ബിൽഡിംഗ്, വാണിജ്യ കെട്ടിടം, വർക്ക്ഷോപ്പ് ബിൽഡിംഗ് എന്നിവ ഉൾപ്പെടെ ആറോളം കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ വളരെ കുറച്ചാണ് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. X/74,75,76,77,77A,78 എന്നിങ്ങനെയാണ് ടി കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിരിക്കുന്നത്. ടി കെട്ടിടങ്ങളിൽ X/76-ാം നമ്പർ കെട്ടിടത്തിൽ വാഹനങ്ങളുടെ ബോഡി ബിൽഡിംഗുമായി ബന്ധപ്പെട്ട ഒരു വർക്ക്ഷോപ്പാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിന് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഫീൽഡ് സ്റ്റാഫ് നൽകിയ റിപ്പോർട്ട് പ്രകാരം മുകളിൽ പറഞ്ഞ എല്ലാ

കെട്ടിടങ്ങളുടെയും പ്ലിന്ത് ഏരിയായിൽ വ്യത്യാസമുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കണമെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഇത് പ്രകാരം 10/05/2018-ലെ സി1-2422/18ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്ലിന്ത് ഏരിയായിലുണ്ടായ വ്യത്യാസം ചൂണ്ടിക്കാണിച്ച് പോബ്സ് ഗ്രൂപ്പ് മാനേജർക്ക് കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം വിവിധ കെട്ടിടങ്ങളുടെ അധിക നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിനായി 15-02-2019-ൽ ബിൽഡിംഗ് പ്ലാൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചു. എന്നാൽ ബിൽഡിംഗ് പ്ലാനിലുണ്ടായ വ്യത്യസ്ത അപാകതകൾ ചൂണ്ടിക്കാണിച്ച് അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25-06-2019-ൽ നിരസിച്ചു. എന്നാൽ സ്ഥാപനം പിന്നീട് പുതുക്കിയ അപേക്ഷ സമർപ്പിക്കുകയോ ഗ്രാമപഞ്ചായത്ത് മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ടി കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള പ്ലിന്ത് ഏരിയ | സ്ഥാപനം സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയ | വ്യത്യാസം |
|---|---|---|---|---|---|
| 1 | X/74 | ഓഫീസ് ബിൽഡിംഗ് | 663 $m^2$ | 468.99 $m^2$ | 194.01$m^2$ |
| 2 | X/75 | ഓഫീസ് ബിൽഡിംഗ് | 453 $m^2$ | 468 $m^2$ | 15 $m^2$ |
| 3 | X/76 | വർക്ക് ഷോപ്പ് | 500 $m^2$ | 911.68 $m^2$ | 411.68 $m^2$ |
| 4 | X/77 | ഗോഡൗൺ ബിൽഡിംഗ് | 69 $m^2$ | 240.14 $m^2$ | 171.14 $m^2$ |
| 5 | X/77A | വർക്ക് ഷോപ്പ് ബിൽഡിംഗ് | 20 $m^2$ | 621 $m^2$ | 601 $m^2$ |
| 6 | X/78 | ഓഫീസ് ബിൽഡിംഗ് | 135 $m^2$ | 1840.10 $m^2$ | 1705.10 $m^2$ |

ക്രമ നം-1 പ്രകാരമുള്ള ഓഫീസ് ബിൽഡിംഗിന്റെ റഗുലറൈസേഷനായി സ്ഥാപനം സമർപ്പിച്ച പ്ലാനിലെ പ്ലിന്ത് ഏരിയായേക്കാൾ കൂടുതലാണ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള പ്ലിന്ത് ഏരിയ. നിരസിച്ച അപേക്ഷകൾ അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പോബ്സ് ഗ്രൂപ്പിന് നിർദ്ദേശം നൽകേണ്ടതാണ്. മുകളിൽ കാണിച്ച പ്രകാരമുള്ള പ്ലിന്ത് ഏരിയ അനുസരിച്ച് ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന ഗണ്യമായ വരുമാന നഷ്ടം ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 അർഹതയില്ലാത്തവർക്ക് വസ്തുനികുതി ഇളവ് നൽകി

01-01-2005-ലെ സ.ഉ (കൈ.) നം-3/2005/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വിമുക്ത ഭടൻ/വിമുക്ത ഭടന്റെ ഭാര്യ/വിധവ എന്നിവരുടെ (പാരാമിലിട്ടറി വിഭാഗത്തിൽപ്പെട്ടവർ ഒഴികെ) യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കി നൽകിയിരുന്നു. എന്നാൽ ആയതിന് വിരുദ്ധമായി ചുവടെ പറയുന്ന പാരാമിലിട്ടറി വിഭാഗത്തിൽപ്പെട്ട വിമുക്തഭടന്മാർക്ക് വസ്തുനികുതി ഒഴിവാക്കി നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിമുക്തഭടന്റെ പേരും വിലാസവും | വീട്ടു നമ്പർ | വസ്തുനികുതി ഒഴിവാക്കി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | നൽകിയ കാലയളവ് | |
| 1 | എം.പി തോമസ് ചൂരയ്ക്കൽ വീട് പടിഞ്ഞാറ്റോത്തറ | 7/150 | 2013-14 മുതൽ 2018-19 വരെ | ആസ്സാം റൈഫിൾസിലാണ് ടിയാൻ ജോലി ചെയ്തിരുന്നത്. |
| 2 | കുരുവിള എബ്രഹാം ആക്കൻ മലയിൽ കുറ്റൂർ | 11/184 | 2013-14 മുതൽ 2018-19 വരെ | ആസ്സാം റൈഫിൾസിലാണ് ടിയാൻ ജോലി ചെയ്തിരുന്നത്. |
| 3 | പി.കെ മാത്യു പടമ്പലാത്ത് ഹൗസ് ഓതറ (വെസ്റ്റ്) | 9/124 | 2013-14 മുതൽ 2018-19 വരെ | ആസ്സാം റൈഫിൾസിലാണ് ടിയാൻ ജോലി ചെയ്തിരുന്നത്. |

മുകളിൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-29/22-07-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അനർഹരായ പ്രസ്തുത വിമുക്തഭടന്മാരെ വസ്തുനികുതി ഇളവിൽ നിന്ന് ഒഴിവാക്കേണ്ടതും 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിലെ വസ്തുനികുതി ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# 2-3 വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഒരേ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു.

100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്കും ആയതിന് മുകളിൽ വിസ്തീർണ്ണമുള്ള പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് ഒരേ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്.

സഞ്ചയ സോഫ്റ്റ് വെയറിൽ 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 60 രൂപയാണ്. ഇതോടൊപ്പം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ,ഗോഡൗൺ എന്നിവയ്ക്കും രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 60 രൂപ തന്നെയാണ്. നിരക്കിൽ യാതൊരു വ്യത്യാസവുമില്ല. ഇത് മൂലം ചെറിയ കെട്ടിടങ്ങളിൽ നിന്നും വലിയ കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്ന വസ്തുനികുതിയുടെ നിരക്ക് ഒന്നു തന്നെയാകുന്നു. എന്നാൽ 2011-ലെ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം മുകളിൽ പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിരക്കിന്റെ പരിധി വ്യത്യസ്തമാണ്. ആയതിനാൽ 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ മാറ്റം വരുത്തുകയാണെങ്കിൽ ടി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാന വർദ്ധനവുണ്ടാകും. ടി വിഷയത്തിൽ ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, തിരുവല്ല | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | പോപ്പുലർ ഫിനാൻസ് കുറ്റൂർ | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 3 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 14 റേഷൻ കടകൾ | ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. |
| 4 | ക്ഷീരോൽപ്പാദക സഹകരണ സംഘം, കുറ്റൂർ | ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. |
| 5 | ക്ഷീരോൽപ്പാദക സഹകരണ സംഘം, തലയാർ | ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. |
| 6 | ക്ഷീരോൽപ്പാദക സഹകരണ സംഘം, പടിഞ്ഞാറ്റോത്തറ | ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. |

ടി വിഷയം സംബന്ധിച്ച് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 11/17-07-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി , സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

# 2-5 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയില്ല

2017-18 വർഷം രജിസ്ട്രേഷൻ ഉണ്ടായിരുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ 2018-19 സാമ്പത്തിക വർഷം പുതുക്കിയിട്ടില്ല. 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും പുതുക്കൽ ഫീസായി 50 രൂപ ഈടാക്കേണ്ടതുമാണ്. ടി ചട്ടത്തിന് വിരുദ്ധമായി 2018-19 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം നടത്തുന്നയാളുടെ പേരും വിലാസവും | സ്ഥാപനത്തിന്റെ വിവരം |
|---|---|---|
| 1 | വിനീത.വി<br>പോടൻപ്ലാവ് നിൽക്കുന്നതിൽ<br>ചെങ്ങന്നൂർ | ക്ലിനിക്കൽ ലബോറട്ടറി |
| 2 | സി.കെ ജോസഫ്<br>ചെമ്പിലേത്ത് ഹൗസ്<br>ഓതറ | ക്ലിനിക് |
| 3 | മായാ എം നായർ<br>മാമ്പറ്റയിൽ ഹൗസ് | ക്ലിനിക്കൽ ലബോറട്ടറി |

| | | |
|---|---|---|
| | കുരട്ടിക്കാട്<br><br>മാന്നാർ.പി.ഒ | |

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതയ്ക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 23/20-07-2019) ലഭ്യമാക്കിയ മറുപടിയിൽ രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് ആയതിന് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്. തുടർനടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-6 വാടക ഈടാക്കിയതിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും കടമുറികളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്

1) 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ- B-15 പ്രകാരം വാടക- തൻവർഷ ഇനത്തിൽ 356667 രൂപയും കുടിശ്ശിക ഇനത്തിൽ 140282 രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. എന്നാൽ വാടക രജിസ്റ്ററിലെ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക സംബന്ധിച്ച് യാതൊരുവിധ രേഖകളും ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം-13/19-07-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

2) ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് /മാർക്കറ്റ് സ്റ്റാൾ കടമുറികൾ ലേലം എടുത്തവർ ചുവടെ പറയും പ്രകാരം വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേരും വിലാസവും | മാസവാടക | ഈടാക്കാനുള്ള തുക |
|---|---|---|---|
| 1 | അജിമോൻ വർഗ്ഗീസ് ജോർജ്ജ്<br>വാഴക്കുളത്ത് വീട്<br>തുകലശ്ശേരി | 28245<br>(റൂം നം-1) | 28245x12= 338940 |
| 2 | കെ.ആർ ചെല്ലപ്പൻ<br>വാലുപാറയിൽ | 1969<br>(റൂം നം-6) | 1969<br>(മാർച്ച് മാസത്തെ തുക ഈടാക്കാനുണ്ട്) |
| 3 | ജയകുമാർ<br>പാലമൂട്ടിൽ | 1030<br>(റൂം നം-7) | 1030X5= 5150 |
| 4 | മുരളീധരൻ<br>വഞ്ചിപ്പാട്ട് | 2050<br>(മാർക്കറ്റ് സ്റ്റാൾ റൂം നം-1) | 2050X6= 12300 |
| | | **ആകെ** | **358359** |

വാടക ഇനത്തിൽ ഈടാക്കാനുള്ള 358359 രൂപ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുക വരവ് നഷ്ടമായി കണക്കാക്കുന്നു.

3) ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം-2,3 എന്നീ കടകൾ 2018-19 സാമ്പത്തിക വർഷം ലേലം ചെയ്ത് നൽകിയില്ല. മുൻ വർഷം 2-ാം നമ്പർ കടമുറി 11000 രൂപയ്ക്കും 3-ാം നമ്പർ കടമുറി 16700 രൂപയ്ക്കും വാടകയ്ക്കു നൽകിയിരുന്നു. ടി കടമുറികളുടെ ലേലം, പുനർലേലം, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-13/19-07-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ അപാകത-2 പ്രകാരമുള്ള 358359 രൂപ വരവ് നഷ്ടമായി ഓഡിറ്റ് കണക്കാക്കുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം-2,3 എന്നീ കട മുറികൾ വാടകയ്ക്ക് നൽകാതിരുന്നത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 2-7 ലൈസൻസ് നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ അപാകത

2018-19 വർഷം വാണിജ്യാവശ്യങ്ങൾക്ക് ലൈസൻസ് നൽകിയ ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നത് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിലാണ്. ലൈസൻസ് നൽകിയത് സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് എടുത്തയാളുടെ പേരും വിലാസവും | ലൈസൻസിന്റെ വിവരം | കെട്ടിട ഉടമയുടെ പേരും വിലാസവും<br>കെട്ടിട നമ്പരും |
|---|---|---|---|
| 1 | വിശ്വനാഥപിള്ള.വി.എസ്<br>വട്ടവങ്ങാട്ടിൽ കമലാലയം<br>കുറ്റൂർ.പി.ഒ | പലചരക്ക് വ്യാപാരം | വിശ്വനാഥപിള്ള.വി.എസ്<br>വട്ടവങ്ങാട്ടിൽ കമലാലയം<br>കുറ്റൂർ.പി.ഒ<br>കെട്ടിട നം- XI/218 |
| 2 | റ്റി.എം.ജേക്കബ്<br>കല്ലൂർ തുണ്ടിയിൽ<br>തൈമറവുങ്കര | പലചരക്ക് വ്യാപാരം | റ്റി.എം.ജേക്കബ്<br>കല്ലൂർ തുണ്ടിയിൽ<br>തൈമറവുങ്കര<br>കെട്ടിട നം- VIII/392 |
| 3 | സോജൻ.ജി<br>ചാമപ്പറമ്പിൽ<br>അമിച്ചകരി.പി.ഒ | വസ്ത്ര വ്യാപാരം | എസ്. സോമൻ<br>തട്ടാരുപറമ്പിൽ<br>കുറ്റൂർ.പി.ഒ<br>കെട്ടിട നം- XII/116 |
| 4 | ലില്ലി പോൾ<br>കല്ലുപുരയ്ക്കൽ<br>കല്ലും കടവ് | ഫർണ്ണീച്ചർ വ്യാപാരം | പി.വി.ഫിലിപ്പ്<br>കല്ലായ്ക്കൽ<br>കുറ്റൂർ.പി.ഒ<br>കെട്ടിട നം- XI1/125 |
| 5 | കൃഷ്ണ കുമാർ<br>നടുക്കേ മുളവന<br>വെൺപാല.പി.ഒ | പലചരക്ക് വ്യാപാരം | കൃഷ്ണ കുമാർ<br>നടുക്കേ മുളവന<br>വെൺപാല.പി.ഒ<br>കെട്ടിട നം- I/274A |
| 6 | സുധാകരൻ നായർ<br>തുളസീധരനിലയം<br>കുറ്റൂർ | പലചരക്ക് വ്യാപാരം | സുധാകരൻ നായർ<br>തുളസീധരനിലയം<br>കുറ്റൂർ<br>കെട്ടിട നം- XII/288 |
| 7 | ലീലാമണി.കെ.പി | മിനി ഓഫ് | ലീലാമണി.കെ.പി |

| | | | |
|---|---|---|---|
| | ബിബിൻ ഭവൻ<br>വെൺപാല.പി.ഒ | സെറ്റ് പ്രസ് | ബിബിൻ ഭവൻ<br>വെൺപാല.പി.ഒ<br>കെട്ടിട നം-II/155 B |
| 8 | കുറിയാക്കോസ്. കെ.കെ<br>കളപ്പുരയ്ക്കൽ<br>തെങ്ങേലി.പി.ഒ | പലചരക്ക് വ്യാപാരം | കുറിയാക്കോസ്. കെ.കെ<br>കളപ്പുരയ്ക്കൽ<br>തെങ്ങേലി.പി.ഒ<br>കെട്ടിട നം-XIV- 456 |
| 9 | ഷൈലാ സഹദേവൻ<br>സാഗര വീട്<br>തെങ്ങേലി.പി.ഒ | സ്റ്റേഷനറി വ്യാപാരം | ഷൈലാ സഹദേവൻ<br>സാഗര വീട്<br>തെങ്ങേലി.പി.ഒ<br>കെട്ടിട നം-XIV- 197 |

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതയ്ക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം- 16/20-07-2019) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയപ്പോൾ വന്ന പിശകാണെന്നും അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നുമാണ് അറിയിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ടി കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതും വസ്തുനികുതി വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഇനത്തിൽ ഡിമാന്റ് ചെയ്ത്, ആയത് പ്രകാരം തുക ഈടാക്കേണ്ടതാണ്.

## 2-8 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ക്ഷീരോൽപ്പാദക സഹകരണ സംഘം, കറ്റൂർ |
| 2 | ക്ഷീരോൽപ്പാദക സഹകരണ സംഘം, തലയാർ |
| 3 | ക്ഷീരോൽപ്പാദക സഹകരണ സംഘം, പടിഞ്ഞാറ്റോത്തറ |
| 4 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 14 റേഷൻ കടകൾ |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-9 ടെൻഡർ ഫോമിന്റെ വില -പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചില്ല

2018-19 വർഷം ഇ-ടെൻഡർ നടത്തിയ 4 മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിൽ ലഭിയ്ക്കേണ്ട 15360/- രൂപ ജില്ലാപഞ്ചായത്ത് എക്സി.എൻജിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക തിരികെ ലഭിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 9296071 രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയില്ല

അസിസ്റ്റന്റ് എൻജിനീയറുടെ നിർവഹണ ചുമതലയിൽ **81** പ്രോജക്ടുകൾക്കായി വിവിധ ഫണ്ടുകളിൽ നിന്നുമായി **23511040** രൂപ വകയിരുത്തിയിരുന്നു. ഇതിൽ **27** എണ്ണം സ്പിൽഓവർ പ്രോജക്ടുകളായിരുന്നു. സ്പിൽഓവർ പ്രോജക്ടുകളിൽ **4** എണ്ണവും പുതിയ പ്രോജക്ടുകളിൽ **32** എണ്ണവും ഉൾപ്പെടെ **36** എണ്ണം നടപ്പാക്കിയില്ല. എട്ട് പ്രവൃത്തികളുടെ ബില്ലുകൾ കുടിശ്ശികയായതുമൂലം ഈ പ്രവൃത്തികളുടെ ബിൽ തുക **2019-20** വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറിനൽകിയത്. ഏറ്റെടുത്ത പ്രവൃത്തികളിൽ **55%** മാത്രമാണ് പൂർത്തിയാക്കിയത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ എണ്ണം | | വകയിരുത്തിയ തുക (തനത് ഫണ്ട് ഒഴികെ) | നടപ്പാക്കിയ പദ്ധതികൾ | | ചെലവ് | നടപ്പാക്കാത്ത പ്രവൃത്തികൾ | | ലാപ്സായ തുക | ശതമാനം |
|---|---|---|---|---|---|---|---|---|---|
| S/O | New | | S/O | New | | S/O | New | | |
| 27 | 54 | 19024989 | 23 | 22 | 9728918 | 4 | 32 | 9296071 | 44 |

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുവാനും, വകയിരുത്തിയ തുക ലാപ്സാക്കാതെയിരിക്കുവാനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

# 3-2 ജീവനക്കാര്യം - പരാമർശങ്ങൾ

*(എ)* <u>ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയില്ല</u>

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി) നം.7/2016/ധന. തീയതി 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ 2/2016 മുതൽ പുതിയ നിരക്കിൽ പെൻഷൻ വിഹിതം ഒടുക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുക അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

*(ബി) <u>പാർട്ട് ടൈം ആയയ്ക്ക് 8 വർഷത്തെ ഗ്രേഡ് അനുവദിച്ചിട്ടില്ല</u>*

ഗ്രാമപഞ്ചായത്ത് നഴ്സറി സ്കൂളിലെ പാർട്ട് ടൈം ആയ ശ്രീമതി ഗീതാകുമാരി പി കെ, 3.5.2010-ലാണ് സേവനത്തിൽ പ്രവേശിച്ചത്. 1.7.2014-ൽ ടിയാളുടെ ശമ്പളം 9340-14800 രൂപ സ്കെയിലിൽ 10880/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 1.5.2015, 1.5.2016, 1.5.2017, 1.5.2018 തീയതികളിൽ വാർഷിക ശമ്പള വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. 1.5.2018-ൽ ടിയാളുടെ ശമ്പളം 11820/- രൂപയാണ്. 20.1.16-ലെ സ.ഉ(അച്ചടി) 7/2016/ധന ഉത്തരവിലെ 35(3) ഖണ്ഡിക പ്രകാരം 8 വർഷത്തെ സേവനം പൂർത്തീകരിച്ച 3.5.2018-ൽ ശ്രീമതി ഗീതാകുമാരി പി കെ-യ്ക്ക് ഒരു ഇൻക്രിമെന്റിന് അർഹതയുണ്ട്. എന്നാൽ, 3.5.2018 പ്രാബല്യത്തിൽ നൽകേണ്ടിയിരുന്ന ശമ്പള വർദ്ധനവ് അനുദിച്ചിട്ടില്ല. പ്രസ്തുത വർദ്ധനവ് അനുവദിച്ച്, സേവന പുസ്തകത്തിൽ രേഖപ്പെടുത്തി, ശമ്പളം ക്രമീകരിക്കുകയും, കുടിശ്ശിക തുക നൽകുകയും, ആയതിനനുസൃതമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തേണ്ടതുമാണ്.

# 3-3 വൈദ്യുതി ചാർജ്ജ് സംബന്ധിച്ച പരാമർശങ്ങൾ

പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളായ ലൈബ്രറിയുടെയും, ആയുർവ്വേദ ഡിസ്പൻസറിയുടെയും വൈദ്യുതി കണക്ഷന്റെ താരിഫ് LT 7A- Commercial എന്നാണ് . ലൈബ്രറി കെട്ടിടത്തിലാണ് നിലവിൽ വില്ലേജ് ഓഫീസും, കൃഷി ഓഫീസും പ്രവർത്തിക്കുന്നത്. സർക്കാർ സ്ഥാപനങ്ങൾക്കും , ലൈബ്രറികൾക്കും LT 6A താരിഫാണ് ബാധകം. LT 7A- Commercial താരിഫ് കാരണം വൈദ്യുതി ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് അധിക തുക നൽകേണ്ടി വരുന്നുണ്ട്. ഈ വിഷയത്തിൽ നൽകിയ എൻക്വയറിയ്ക്ക് (24/20.7.19) പ്രസ്തുത രണ്ട് കെട്ടിടങ്ങളിലാണ് ആദ്യ കാലങ്ങളിൽ ലൈബ്രറി പ്രവർത്തിച്ചിരുന്നതെന്നും, ലൈബ്രറിയ്ക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഇല്ലാത്തതിനാലാണ് പ്രസ്തുത കെട്ടിടങ്ങളുടെ വൈദ്യുതി കണക്ഷന്റെ താരിഫ് വാണിജ്യാടിസ്ഥാനത്തിലുള്ളതായതെന്നും സെക്രട്ടറി മറുപടി നൽകി. താരിഫ് മാറ്റാനുള്ള നടപടികൾ

അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന് സമീപം കുറ്റൂർ ജംഗഷനിൽ ഒരു ഇ-ടോയ് ലറ്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഇ-ടോയ് ലറ്റ് നിലവിൽ ഉപയോഗശൂന്യമാണ്. പഞ്ചായത്ത് ഇതിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 404/- രൂപ ചെലവഴിക്കുന്നുണ്ട്. ഉപയോഗശൂന്യമായ ഇ-ടോയ് ലറ്റിന്റെ വൈദ്യുതി ബന്ധം വിച്ഛേദിക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 3-4 അധിക സെന്റേജ് ചാർജ്ജ് ഒടുക്കിയത്

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. എന്നാൽ, പൊതുമരാമത്ത് വകുപ്പ് മാന്വൽ കേരള വാട്ടർ അതോരിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ലായെന്ന് സ.ഉ(സാധാ.) 1069/18/ തസ്വഭവ/16.4.18 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 24.9.2018-ലെ KWA/JB/P2/ 663/17 നമ്പർ ഉത്തരവിലും ഈ വിവരം വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി ചുവടെ പറയുന്ന പ്രവൃത്തിയ്ക്ക് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കി.

| *ക്രമ നം.* | *പദ്ധതി പേര്, നമ്പർ* | *ഡെപ്പോസിറ്റ് തുക* | *എസ്റ്റിമേറ്റ് തുക* | *ഈടാക്കിയ സെന്റേജ്* | *ഈടാക്കാവുന്ന സെന്റേജ്* | *അധികം ഈടാക്കിയത്* |
|---|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ(127/18) *(അടങ്കൽ- 1300000/- )* | 1300000/- | 1300000/- | 136230/- | 108984/- | 27246/- |

അധികം നൽകിയ സെന്റേജ് ചാർജ്ജ് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 മാലിന്യ നിർമ്മാർജ്ജനത്തിന് നടപടികൾ സ്വീകരിക്കണം

24.10.2018-ലെ 1(2)-ാം നമ്പർ തീരുമാനം പ്രകാരമാണ് വാർഡ്തലത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചത്. യൂസർ ഫീയായി വീടുകളിൽ നിന്നും 50/- രൂപയും കടകൾ/ സ്ഥാപനങ്ങളിൽ നിന്നും 75/- രൂപയും ഈടാക്കാൻ തീരുമാനിച്ചു. 21.11.2018-ലെ 3(4)-ാം നമ്പർ തീരുമാനം പ്രകാരം കുടുംബശ്രീ നിർദ്ദേശിച്ച 22 വ്യക്തികളെ 'ഹരിതശ്രീ' എന്ന പേര് നൽകിയ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സംരംഭത്തിന്റെ അംഗങ്ങളായി തെരഞ്ഞെടുത്തു.

പഞ്ചായത്തിന് സ്വന്തമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഇല്ലാത്തതിനാൽ 12-ാം വാർഡിൽ പത്ത് സെന്റ് ഭൂമിയും അതിലുള്ള കെട്ടിട നമ്പരില്ലാത്ത പഴയ ഷെഡ്ഡുമാണ് ഈ ആവശ്യത്തിന് വാടകയ്ക്ക് എടുത്തത്. പ്രസ്തുത കെട്ടിടത്തിന് 2018 ഡിസംബർ മുതൽ 2019 മാർച്ച് മാസം വരെയുള്ള വാടകയിനത്തിൽ 10000/- രൂപ യൂസർഫീസ് കളക്ഷനിൽ നിന്നും നൽകിയിട്ടുണ്ട്. എം.സി.എഫ് നിറഞ്ഞ അവസ്ഥയെ തുടർന്ന് മാലിന്യം ശേഖരിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായി. ഹരിതസഹായ സ്ഥാപനവുമായി കരാറിലേർപ്പെടാൻ പഞ്ചായത്തിനുണ്ടായ താമസം കാരണം, ഹരിതസഹായ സ്ഥാപനമായ ക്രിസ് ഗ്ലോബൽ മാലിന്യം നീക്കം ചെയ്യാൻ താമസിച്ചു. പ്രസ്തുത സാഹചര്യത്തിൽ എം.സി.എഫിൽ മാലിന്യം പരിധിയിൽ അധികമാകുകയും, സ്ഥലം ഉടമസ്ഥന്റെ സമ്മർദ്ദം മൂലം കെട്ടിടം ഒഴിയേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. തുടർന്ന്, പഞ്ചായത്തിന് അനുയോജ്യമായ എം.സി.എഫ് കണ്ടെത്താൻ സാധിക്കാത്തതിനാൽ മാലിന്യ നീക്കം തടസ്സപ്പെട്ടു.

തൻവർഷം ഹരിതകർമ്മസേന പ്രവർത്തനത്തിന് ഉപകരണങ്ങൾ വാങ്ങൽ, എം.സി.എഫ് വാടക നൽകൽ, വാഹന വാടക നൽകൽ എന്നിവയ്ക്ക് മൂന്ന് വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും ആയതിൽ നിന്നും ചെലവ് നടന്നിട്ടില്ല. രണ്ട് റൗണ്ട് മാലിന്യങ്ങൾ ശേഖരിച്ചതിന് സേനാംഗങ്ങൾക്ക് വേതനം നൽകുന്നതിനു വേണ്ടിയുള്ള പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. (അടങ്കൽ- 324450, ചെലവ്- 59626/-). ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി പഞ്ചായത്തിലെ മാലിന്യനീക്കം ത്വരിതപ്പെടുത്തുന്നതിന് അടിയന്തിരമായി നടപടികൾ ഉണ്ടാകേണ്ടതാണ്.

# 3-6 ലൈബ്രറി പ്രവർത്തിക്കുന്നില്ല

പഞ്ചായത്തിന്റെ ലൈബ്രറിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നില്ലായെന്ന് ഓഡിറ്റ് വേളയിൽ ബോദ്ധ്യമായി. ലൈബ്രറി പ്രവർത്തിച്ചിരുന്ന കെട്ടിടം നിലവിൽ വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവയ്ക്ക് ഉപയോഗിക്കുകയാണ്. ലൈബ്രറി ആന്റ് റീഡിംഗ് റൂം പഞ്ചായത്ത് ഓഫീസിന്റെ രണ്ടാം നിലയിൽ ഉണ്ടെങ്കിലും ആയതിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ആരും തന്നെ ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്തുന്നില്ല. വൈദ്യുതി കണക്ഷൻ ഇല്ലാത്തത് കാരണം ഇരുട്ടും അസഹ്യമായ ചൂടും നിറഞ്ഞ അന്തരീക്ഷമാണ് ലൈബ്രറിയിലുള്ളത്. 2009 മാർച്ച് മാസം മുതൽ ചാർജ്ജെടുത്ത ലൈബ്രേറിയൻ 5.11.2009-ൽ തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലൈബ്രറിയിൽ 4745 പുസ്തകങ്ങളും, എ,ബി,സി ഗ്രേഡുകളിലായി നിലവിൽ 50 അംഗങ്ങളുമുണ്ട്. ലൈബ്രറി അതിന്റേതായ അർത്ഥത്തിൽ പ്രവർത്തിക്കാത്തതിനാലും ആവശ്യം വേണ്ട സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും ലൈബ്രേറിയനായി നിയമിക്കപ്പെട്ടിട്ടുള്ള 4-ാം ഗ്രേഡ് ലൈബ്രേറിയൻ നിലവിൽ പഞ്ചായത്ത് ജീവനക്കാരെ ജോലികളിൽ സഹായിക്കുക എന്ന പ്രവൃത്തിയാണ് ചെയ്തു വരുന്നത്. ആയതിനാൽ, ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ഭാഗത്ത് നിന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തത് ഓഡിറ്റ് അത്യന്തം ഗൗരവമായി കാണുന്നു. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 അഗതി രഹിത കേരളം- പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട കാലയളവായ 2015 മുതൽ 2018 വരെ 3139511/- രൂപ വകയിരുത്തിയതിൽ ആകെ ചെലവഴിച്ച 327850/- രൂപ ഭക്ഷണ വിതരണത്തിന് വേണ്ടി മാത്രമാണ്. പ്രസ്തുത കണക്കുകൾ പ്രകാരം ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം പൂർണ്ണ പരാജയമായിരുന്നു എന്ന് മനസ്സിലാക്കുന്നു. ആശ്രയ ഒന്നാം ഘട്ടം (2004-2007), റീവിസിറ്റഡ് പ്രോജക്ട് (2009-12), രണ്ടാം ഘട്ടം എന്നീ പ്രോജക്ടുകളുടെ നടത്തിപ്പ് കാലയളവിന് ശേഷം 31.3.2018-ന് ആശ്രയ അക്കൗണ്ടിൽ 1285903/- രൂപ നീക്കിബാക്കിയുണ്ട്.

പഞ്ചായത്ത് ഭരണസമിതിയുടെ 24.10.2018-ലെ I(III)-ാം നമ്പർ തീരുമാനം പ്രകാരം 120 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അഗതി രഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിച്ചു. ഓഡിറ്റ് വർഷം അഗതി രഹിത കേരളം പദ്ധതിയ്ക്ക് 100000/- രൂപ വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ശ്രീ. ഫിലിപ്പ് പത്രോസ് എന്നയാൾക്ക് ഭവന നിർമ്മാണത്തിന് 40000/- രൂപ നൽകിയത് മാത്രമാണ് തൻ വർഷത്തെ ചെലവ്. ആശ്രയ പദ്ധതികളുടെ എല്ലാ ഘട്ടങ്ങളിലും കൂടി ഏകദേശം 78 ശതമാനം തുക ഭക്ഷണ വിതരണത്തിന് മാത്രമായി ചെലവഴിച്ചതും, വികസന ഫണ്ട് 883917/- രൂപ ചെലവഴിക്കാനാകാഞ്ഞതും പദ്ധതിയുടെ പരാജയമായി വിലയിരുത്താവുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയുടെയും, ക്ഷേമകാര്യ സ്ഥിരം സമിതിയുടെയും മോണിട്ടറിംഗിന്റെ അഭാവമാണ് പദ്ധതിയുടെ പരാജയത്തിന് ഏറ്റവും മുഖ്യ കാരണം. അഗതി രഹിത കേരളം പദ്ധതിയിലുൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കാൻ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

# 3-8 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെപ്പറയുന്ന പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

| *പ്രോജക്ട്* | *നിക്ഷേപിച്ച സ്ഥാപനം* | *തുക* | *വൗച്ചർ നമ്പർ, തീയതി* |
|---|---|---|---|
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (64/19) | കെ.എസ്. ഇ.ബി | 1099079 | ട്രഷറി ബിൽ നം. -7/18-19/9.7.18 – 1021199/-<br>ട്രഷറി ബിൽ നം. 27/18-19/26.2.19 - 77880/- |
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>(63/19) | വാട്ടർ അതോറിറ്റി | 130000 | ട്രഷറി ബിൽ നം. 18/18-19/13.9.18 – 130000/- |
| ആകെ | | 1229079 | |

പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ 1229079/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-9 പൊതു ടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് ബാദ്ധ്യത

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 225 ടാപ്പുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം 98438/- രൂപ ചെലവഴിക്കുന്നുണ്ട്. സംരക്ഷണ ഗ്രാന്റ് റോഡിതര ഇനത്തിൽ നിന്നാണ് പ്രസ്തുത ചെലവ് നടത്തുന്നത്. പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിനോ, പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനോ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 21.2.2019-ലെ ഡിഎ1/17/2019/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം, മഴക്കാലത്തിന് ശേഷം സംയുക്ത പരിശോധന നടത്തി, കോളനികളിലെ പൊതുടാപ്പുകൾ നിലനിർത്തുകയും ബാക്കിയുള്ള പ്രവർത്തനരഹിതമായവ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

പൊതുടാപ്പുകളേക്കാൾ ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്) 22/2018 തീയതി 14.2.2018] ഖണ്ഡിക 6.6-ലെ കുറിപ്പ് 2-ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചുകൊണ്ട് ജനറൽ, എസ്.സി വിഭാഗങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള പദ്ധതികൾ തുടർന്നും ആവിഷ്കരിച്ചും സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം കുറച്ചും വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം പ്രവൃത്തിയിൽ മാറ്റം വരുത്തി നടപ്പാക്കി-സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം

| | |
|---|---|
| *പ്രോജക്ടിന്റെ പേര്, നമ്പർ* | *കർത്താലിൽപടി-പുത്തൂർകാവ് റോഡ് റീടാറിംഗ് (s0116/2019)* |
| അടങ്കൽ | 369000/- (റോഡ് സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | 328943/- (ബിൽ നം. 180507000201421861/26.3.2019) |

മേൽ പ്രവൃത്തിയ്ക്ക് 2017-18 വർഷം ടെൻഡർ ക്ഷണിച്ച് കുറഞ്ഞ ടെൻഡർ സമർപ്പിച്ച ശ്രീ.മോൻസൺ ഐസക്കിന്റെ (13.5% കുറവ്) ടെൻഡർ അംഗീകരിച്ച് കരാറുടമ്പടി (നം28/17-18/ae/ktr/28.03.2018) ചമച്ചിരുന്നു. എന്നാൽ എം.ബുക്ക് പരിശോധിച്ചതിൽ ടി പ്രവൃത്തി കോൺക്രീറ്റിംഗ് ആയി നടത്തി ഫൈനൽ ബിൽ നല്കിയിരിക്കുകയാണ് എന്നു കണ്ടു. പ്രളയത്തെത്തുടർന്ന് ടി റോഡിൽ ടാറിംഗ് നടത്തുവാൻ പ്രയാസമായതിനാൽ കോൺക്രീറ്റിംഗ് ചെയ്യാൻ 24.10.2018-ലെ കമ്മിറ്റി അംഗീകാരം നല്കിയെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയില്ല. കരാർ ഉടമ്പടി കാലയളവിനുള്ളിൽ പണി പൂർത്തീകരിക്കാതെയാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തതും നടപ്പാക്കിയതും. 2018-19 വർഷം ഇതേപേരിൽ കോൺക്രീറ്റിംഗിനായി ഒരു പ്രോജക്ടിന് (162/2019) അംഗീകാരം വാങ്ങി ഇതേ കോൺട്രാക്ടർ മുഖേന നടപ്പാക്കിയിരുന്നു. രണ്ട് പ്രവൃത്തികളും ഒരേ കാലയളവിലാണ് നടപ്പാക്കിയിട്ടുള്ളത്. 4.2 കി.മി നീളത്തിൽ റീടാറിംഗ് നടത്താൻ ഉദ്ദേശിച്ചിരുന്നത് കോൺക്രീറ്റിംഗിനായി മാറ്റിയപ്പോൾ 93.2 മീറ്ററായി ചുരുങ്ങിയതാണ് ശ്രദ്ധിയ്ക്കപ്പെടേണ്ട വിഷയം. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ഇല്ലാതെയും പ്രവൃത്തി നടപ്പിലാക്കിയത് ക്രമവിരുദ്ധമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 328943/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 പാലിയേറ്റീവ് ദിനാചരണത്തോട് അനുബന്ധിച്ച് ഭക്ഷണകിറ്റ് വിതരണം നടത്തിയത്-മാർഗ്ഗരേഖാലംഘനം

*നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.കുറ്റൂർ*

*ചെലവ്-15000 (ബിൽ നം 21/18-19/14.01.2019)*

പാലിയേറ്റീവ് ദിനാചരണം സംഘടിപ്പിച്ചതിനോട് അനുബന്ധിച്ച് ബാനർ , റിഫ്രഷ്മെന്റ് , ഭക്ഷണകിറ്റ് വിതരണം എന്നിവയ്ക്കായി 15000 രൂപ ചെലവഴിച്ചിട്ടുണ്ട്. 20 കിലോ വീതം അരി, ചെറുപയർ, വെളിച്ചെണ്ണ എന്നിവ വാങ്ങിയതിന്റെ ചെലവിലേയ്ക്കായി 12000 രൂപ വി.എം. സദാശിവൻപിള്ള , കുറ്റൂരിന് നല്കിയിട്ടുണ്ട്. വെള്ള പേപ്പറിൽ ഇരുപത് പേരുടെ പേരെഴുതി ഒപ്പിട്ടതിന്റെ വിവരങ്ങളാണ് ഉള്ളത്. ഇരുപത് പേരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡമോ, അർഹത തെളിയിയ്ക്കുന്നതിന്റെ വിവരമോ ഉൾപ്പെടുത്തിയിരുന്നില്ല.

സാന്ത്വനപരിചരണ പദ്ധതി മാർഗ്ഗരേഖ (സ.ഉ.നം.3217/2015 തസ്വഭവ/തീയതി 29.10.2015) പ്രകാരം ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ദുരിതം അനുഭവിയ്ക്കുന്ന രോഗികൾ

അംഗങ്ങളായിട്ടുള്ള കുടുംബങ്ങളിലെ ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് പൊതുസമൂഹത്തിന്റെ സഹായത്തോടെ ശ്രമം നടത്തുന്നതിനും അവരെ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സൗജന്യ /സബ്സിഡി ഭക്ഷ്യവിതരണ പരിപാടികൾ, ആശ്രയ തുടങ്ങിയവ പ്രകാരമുള്ള ആനുകൂല്യം ലഭിയ്ക്കുന്നതിനായി ഗുണഭോക്താക്കളായി ഉൾപ്പെടുത്തുന്നതിനും തദ്ദേശസ്ഥാപനം നടപടികൾ സ്വീകരിയ്ക്കുന്നതിനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. ബോധവൽക്കരണ പരിപാടികൾ നടത്തുമ്പോൾ ഭക്ഷണചെലവിലേയ്ക്കായി ഒരാൾക്ക് പരമാവധി 60 രൂപ വീതവും മറ്റ് ചെലവുകൾക്കായി 3000 രൂപയും ചെലവഴിയ്ക്കുന്നതിനാണ് അനുമതി യുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇപ്രകാരമുള്ള ചെലവുകൾ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

# 3-12 എസ്.സി.പി.ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

എസ്.സി.പി.ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(27/22.07.2019) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര്,നം | കരാറുകാരന്റെ പേര് | ചെലവ് തുക ,ബിൽ നം |
|---|---|---|---|
| 1 | നല്ലൂർസ്ഥാനം കോളനി ചുറ്റുമതിൽ നവീകരണം(50/2019) | പി.കെ.സുരേഷ് കുമാർ | 198828( ബിൽ നം-180507520201434671/20.3.19) |
| 2 | വൃന്ദാവൻ കോളനി നടപ്പാത കോൺക്രീറ്റിംഗ് (52/2019) | പി.കെ.സദാനന്ദൻ | 305099 (ബിൽ നം 180507520102009561/27.12.18) |
| 3 | ചൊഴിയൻപാറ കോളനി റോഡ്-സൈഡ് വാൾ കോൺക്രീറ്റിംഗ്,മക്ക് ഫില്ലിംഗും(102/19) | വി,ജി.ജയൻ | 484747(1805075201020011 3578/16.05.2018-304000,<br>(180507520102081 13579/15.05.2018-180747) |
| 4 | കണിയാംപാറകോളനി സംരക്ഷണഭിത്തി സംരക്ഷണം.(103/19) | ആർ.മനോജ്ഗോപാൽ | 370726(18050752010200113583/16.05.2018-172726<br>(18050752010200127809/18.05.2018-198000) |
| 5 | നന്നാട് കോളനി കുടിവെള്ള പദ്ധതി(128/2019) | ജിബി.എം.മാത്യു | 87519(ബിൽ നം.-18050752010201421893/19.03.2019) |
| 6 | ചൊഴിയാംപാറകോളനി റോഡ് നവീകരണം(158/19) | സൻജു.ജി. | 268594(18050752010201074818/17.01.2019) |

വൈദ്യുതി,കുടിവെള്ളം,റോഡ്,നടപ്പാത എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പ്രോജക്ടിന് പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താൻ പാടുള്ളൂ. പട്ടികജാതിവിഭാഗക്കാരുടെ ശതമാനം തെളിയിയ്ക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യഭൂപടം പ്രോജക്ടിനോടൊപ്പം തയ്യാറാക്കി, അതിൽ പ്രവൃത്തിയുടെ സ്ഥാനവും ഗുണഭോക്തൃകുടുംബങ്ങളുടെ സ്ഥാനവും അടയാളപ്പെടുത്തേണ്ടതും ഇത് പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടു-ത്തേണ്ടതുമാണ്. എന്നാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ ഫയലുകളൊന്നിലും പട്ടികജാതി വികസന ഓഫീസറുടെ സ്ഥലപരിശോധനാ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിരുന്നില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവുതുക 1715513 രൂപ തടസ്സപ്പെടുത്തുന്നു.

# 3-13 ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ-ചെലവ് കണക്കുകൾ ഇല്ലാതെ ഫൈനൽ ബിൽ തുക നല്കി

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകൾ , ഗുണഭോക്തൃസമിതി മിനിട്സ് എന്നിവ ഇല്ലാതെ ഫൈനൽ ബിൽ നൽകി.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | കൺവീനരുടെ പേര് | ചെലവ് വിവരങ്ങൾ |
|---|---|---|
| മതിയംചിറ -ചൂരയ്ക്കൽപടി റോഡ് സൈഡ്കെട്ടി സ്ലാബ് ഇടൽ(156/2019)<br>അടങ്കൽ-50000 സംരക്ഷണഫണ്ട്(റോഡ്)<br>എം ബുക്ക് -11/18-19 | ജോൺ സ്കറിയ | പ്രവൃത്തിമൂല്യം-49418 (18050752010200983244/24.12.2018) |
| ആലപ്പാട്ട്പടി-പേടിയിൽപ്പടിറോഡ് സ്ലാബ് ഇടൽ (155/19)<br>അടങ്കൽ50000(സംരക്ഷണഫണ്ട്(റോഡ്)<br>എം ബുക്ക് -12/18-19 | ജോൺ സ്കറിയ | പ്രവൃത്തിമൂല്യം-49469 (18050752010200983247/17.01.2019 |

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ഗുണഭോക്തൃസമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക എന്നിവ സംബന്ധിച്ച വിവരങ്ങൾ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പ്രവൃത്തി പൂർത്തിയായികഴിഞ്ഞാലുടൻ വരവ്-ചെലവ് കണക്കുകൾ പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം എക്സി. കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചതിനുശേഷം കമ്മിറ്റി പിരിച്ചുവിടേണ്ടതാണ്. കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ, പ്രവൃത്തിമൂല്യമോ ഏതാണോ കുറവ് അതിനാണ് അർഹത. എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയാണ് എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തിമൂല്യം അനുവദിച്ചുനൽകിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ചെലവ് തുക 98887 രൂപ തടസ്സപ്പെടുത്തുന്നു. വരവ്-ചെലവ് കണക്കുകളും മിനിട്സും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-14 സ്കൂളിന് പാചകപ്പുര നിർമ്മാണം-ടെൻഡർ കുറവ് വരുത്തിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0126/2019 |
| അടങ്കൽ | 150000 |
| ചെലവ് | 108330<br>(100000-ബിൽ നം 18050752010200601929/10.10.2018 |

| | |
|---|---|
| | (8330 ചെക്ക് നം 2735839/21.3.2019) |
| കരാറുകാരൻ | ശ്രീ. അനിയൻപിള്ള |
| ക്വാട്ട് ചെയ്ത നിരക്ക് | 1.05% കുറവ് |
| പ്രവൃത്തിമൂല്യം | 108330 |
| എം.ബുക്ക് നം. | 17/18-19 |

ടി പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ ടെൻഡർ കുറവ് വരുത്താതെയാണ് കരാറുകാരന് പ്രതിഫലം നൽകിയിട്ടുള്ളത് എന്നു കണ്ടു. പ്രവൃത്തിമൂല്യത്തിൽ നിന്നും 1.05% കുറവ് വരുത്താതിരുന്നതിനാൽ കരാറുകാരന് 1137 രൂപ അധികമായിട്ടാണ് നല്കിയിട്ടുള്ളത്. ടി തുക തിരികെ ഈടാക്കേണ്ടതാണ്.

ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല

1.ടെൻഡർ ടാബുലേഷൻ ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

2.സെലക്ഷൻ നോട്ടീസ് ,കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയതിന്റെ വിവരം

3.എഗ്രിമെന്റിൽ ആവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തിയിരുന്നില്ല.

4.ബിൽ,മെമ്മോറാണ്ടം ഓഫ് പേയ്മെന്റ്സ് എന്നിവ തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് അധികമായി നൽകിയ 1137/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 3-15 ഫൈനൽ ബിൽ തുകയിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | കരാറുകാരന്റെ പേര് | ചെലവ് വിവരം | ബാരലിന്റെ എണ്ണം | വിലയിനത്തിൽ ഈടാക്കേണ്ടതുക |
|---|---|---|---|---|
| കദളിമംഗലം-ഇടശ്ശേരി റോഡ് ടാറിംഗ്(115/2019) | റെജി വർഗീസ് | 467030 ബിൽ നം -1805075201020060l923/ 5.10.2018 | 14 | 3752(268*14) |
| ഇളകുറ്റൂർ-പനച്ചയിൽപടി റോഡ് ടാറിംഗ്(26/2019) | പി.എ.മാത്യു | 500000(ചെക്ക് നം 2739502/29.03.2019) | 43 | 11524(268*43) |
| ആകെ | | | 57 | 15276 |

ബാരൽ വില ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.19/20.7.2019) മറുപടി ലഭ്യമാക്കിയില്ല. 57 ബാരലുകളുടെ വിലയായി ബാരൽ ഒന്നിന് 268 രൂപ നിരക്കിൽ (ജി.എസ്.റ്റി ഉൾപ്പെടെ) 15276 രൂപ ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-16 മരാമത്ത് പ്രവൃത്തികൾ - മറ്റ് അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1.സ്വീകാര്യമായ ടെൻഡറുകളുടെ താരതമ്യപ്പട്ടിക തയ്യാറാക്കിയിട്ടില്ല.

2.കുറഞ്ഞ നിരക്ക് കാണിച്ച ടെൻഡർ അഭികാമ്യമല്ലയെങ്കിൽ കാര്യകാരണ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3.സെലക്ഷൻ നോട്ടിസ് കരാറുകാരന് നല്കിയതായ രേഖകൾ ഇല്ല.

4.കരാറുടമ്പടിയിൽ ആവശ്യമായ എല്ലാവിവരങ്ങളും ചേർക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

5.പ്രവൃത്തിസ്ഥലം ഏറ്റെടുത്തതിന്റെ വിവരമോ, നിശ്ചിതമാതൃകയിലുള്ള കൈപ്പറ്റ് വിവരമോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.എം ബുക്കിൽ മെമ്മോ ഓഫ് പേയ്മെന്റ്സ് എഴുതുന്നില്ല.

7.ബിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. ബില്ലിൽ നിന്നും ഈടാക്കേണ്ട തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ എഴുതുന്നില്ല.

8.മോണിട്ടറിംഗ് റിപ്പോർട്ട് ,പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഉൾപ്പെടുത്തുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-17 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ.ഹോമിയോ ആശുപത്രി, ഗവ.ആയുർവ്വേദ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ എച്ച്.എം.സി രൂപീകരിച്ചിട്ടുണ്ടെങ്കിലും ചട്ടപ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി നാളിതുവരെയും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആശുപത്രി വികസന ഫണ്ട് രൂപീകരിച്ച കാലയളവ് മുതലുള്ള വാർഷിക ധനകാര്യപത്രിക തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി നിർദ്ദേശം നൽകേണ്ടതാണ്.

# 3-18 ആശുപത്രിയിലേയ്ക്കുള്ള മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം / ആയുർവേദാശുപത്രി എന്നിവിടങ്ങളിലേയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം 811903 രൂപ മുൻകൂറായി കേരള മെഡിക്കൽ സർവിസ് കോർപ്പറേഷനും, 450000 രൂപ ഔഷധിയ്ക്കും നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ കേരള മെഡിക്കൽ സർവിസ് കോർപ്പറേഷനിൽ നിന്നും 55945 രൂപയുടെ മരുന്നുകളും, ഔഷധിയിൽ നിന്നും 394602 രൂപയുടെ മരുന്നുകളും മാത്രമാണ് ലഭ്യമായത്.

| പ്രോജക്ടിന്റെ പേര് | അടച്ച തുക | ലഭിച്ച മരുന്നിന്റെ മൂല്യം | ബാക്കി |
|---|---|---|---|
| പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ (10/2019) | 511903 | 34997 | 476906 |
| ആയുർവേദ ആശുപത്രിയിലേയ്ക്കുള്ള മരുന്ന് വാങ്ങൽ (68/2019) | 450000 | 394602 | 55398 |
| പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങൽ (12/2019) | 300000 | 20948 | 279052 |

ബാക്കി മരുന്നുകൾ ലഭിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-19 ലൈഫ് ഭവന പദ്ധതി -വിവരങ്ങൾ

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനും അപൂർണ്ണമായ വീടുകളുടെ നിർമ്മാണത്തിനും ധനസഹായം ലഭ്യമാക്കുകയും, ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകി ഭവനരഹിതർ ഇല്ലാത്ത സമൂഹത്തെ സൃഷ്ടിക്കാനാണ് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. ഗ്രാമപഞ്ചായത്തിൽ 'ഭൂമിയുള്ള ഭവനരഹിതർക്ക് വീട് ' എന്ന രണ്ട് പ്രോജക്ടുകൾ (ജനറൽ, പട്ടികജാതി വിഭാഗങ്ങൾ) നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് പ്രോജക്ടുകളിൽ കൂടി ആകെ 8 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| വിഭാഗം | പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | അർഹതയുള്ള ഗുണഭോക്താക്കൾ | സഹായം നൽകിയത് | വകയിരുത്തൽ | | | | ചെലവ് | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | വികസന ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ലോൺ | വികസന ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ലോൺ |
| ജനറൽ | 26 | 8 | 6 | 1200000 | 169529 | 306548 | 1123923 | 1200000 | 169529 | 306548 | 723923 |
| എസ്.സി | 14 | 7 | 2 | 1200000 | 241678 | 339733 | - | 700000 | - | - | - |
| | 40 | 15 | 8 | 2400000 | 411207 | 646281 | 1123923 | 1900000 | 169529 | 306548 | 723923 |

ബാക്കിയുള്ള ഗുണഭോക്താക്കൾക്കും അടിയന്തിരമായി സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ മന്ദഗതിയിൽ

ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖയാണ് 29.1.2015-ലെ സ.ഉ (കൈ.) 18/2015/തസ്വഭവ നമ്പർ ഉത്തരവ്. പ്രസ്തുത ഉത്തരവ് പ്രകാരം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക, ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം കുറയ്ക്കുക, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടും. പഞ്ചായത്ത് ഇതു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

നിലവിൽ പഞ്ചായത്തിന്റെ രണ്ടാമത്തെ നിലയിലാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. ഇവിടെ സ്ഥല പരിമിതി കാരണം ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ഒരുക്കാൻ സാഹചര്യമില്ല. ഭിന്നശേഷിക്കാർക്ക് ഫ്രണ്ട് ഓഫീസിൽ എത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു. കൂടാതെ, മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നത് പ്രകാരം പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. (ഇരിക്കാൻ സൗകര്യം, റാമ്പ്, കുടിവെള്ളം, ടച്ച് സക്രീൻ, എഴുതാൻ സ്റ്റേഷനറി, ടി.വി എന്നിവ). 2019-20 വർഷവും റെക്കോർഡ് റൂം സജ്ജീകരിക്കലിന്റെ ഭാഗമായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു കർമ്മ പരിപാടി തയ്യാറാക്കുകയോ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഒരു സമയക്രമം നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ നിരന്തര പുരോഗതി വിലയിരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഗുണമേന്മ വിലയിരുത്തി കൂടുതൽ ഗുണപരമാക്കുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റിയും നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും

# വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി | 100000 | 0 |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 241678 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ്.സി) | 0 | 241678 |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 169529 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ) | 169529 | 0 |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 10000 | അംഗൻവാടികൾക്ക് ബേബി ബെഡ് | 10000 | 0 |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 500000 | ഇളകുറ്റർ പനച്ചയിൽപ്പടി റോഡ് റീടാറിംഗ് | 500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 306548 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ) | 306548 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 339733 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ്.സി) | 0 | 339733 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 300000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 63270 | 236730 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | വൗച്ചർ നമ്പർ, തീയതി | പൂർത്തീകരണ വിവരങ്ങൾ |
|---|---|---|---|---|
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (64/19) | കെ.എസ്.ഇ.ബി | 1099079 | 7/18-19/9.7.18 – 1021199/-<br>27/18-19/26.2.19 -<br>77880/- | പൂർത്തീകരിച്ചില്ല |
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>(63/19) | വാട്ടർ അതോറിറ്റി | 130000 | 18/18-19/13.9.18 – 130000/- | പൂർത്തീകരിച്ചില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | സ.ഉ(കൈ.) 100/18/തസ്വഭവ തീ. 30.7.2018 | 723923 | -ഇല്ല- | -ഇല്ല- | -ഇല്ല- | 723923 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| *ഫിക്സഡ് ഡിപ്പോസിറ്റ് നമ്പർ* | *നിക്ഷേപിച്ച തുക* | *നിക്ഷേപിച്ച സ്ഥാപനം* |
|---|---|---|
| --ഇല്ല- | | |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | |

# 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | അടവാക്കിയ തുക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1997-98 | 25(2)(1), 25(2)(2), 25(3)(6) | വി കെ രാജീവ്, ജൂനിയർ സൂപ്രണ്ട് | LF.1079/ Spl.Cell.1/ CSC.1/01 dtd. 19.8.02 | 2390 | അടവാക്കിയിട്ടില്ല | 2390 |
| 1997-98 | 27,29,34, 35 | വി കെ രാജീവ്, ജൂനിയർ സൂപ്രണ്ട് | LF.1079/ Spl.Cell.1/ CSC.1/01 dtd. 19.8.02 | 5336 | അടവാക്കിയിട്ടില്ല | 5336 |
| 1997-98 | വിവിധ ഖണ്ഡികകൾ | ആർ രാജീവ് ചന്ദ്രൻ, ജൂനിയർ സൂപ്രണ്ട് | LF.1079/ Spl.Cell.1/ CSC.1/01 dtd. 19.8.02 | 1780 | അടവാക്കിയിട്ടില്ല | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | 1780 | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 59266653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48303215 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16413 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3372422 |

**(ബി)** <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ്ജ് ചെയ്യാവുന്നവ* | *സർചാർജ്ജ് ചെയ്യാവുന്നവ* | |
| 3-14 | | 1137/- | ശ്രീ. പോൾ ചാക്കോ മാർട്ടിൻ, അസി. എഞ്ചിനീയർ (കോൺട്രാക്ട്) |
| 3-15 | | 15276/- | 3752/- – ശ്രീ. പോൾ ചാക്കോ മാർട്ടിൻ,<br>അസി. എഞ്ചിനീയർ (കോൺട്രാക്ട്)<br>11524/- – ശ്രീ. ജലീം.എസ്, അസി.എഞ്ചിനീയർ |
| ആകെ | | 16413/- | |

**(സി)** <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-8 | 1021199<br>207880 | ശ്രീ സി.പി സനൽകുമാർ,സെക്രട്ടറി<br>ശ്രീമതി ഷീബ.എസ്, സെക്രട്ടറി |
| 3-10 | 328943/- | ശ്രീ ജലിം.എസ്, അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 855473<br>573693<br><br>286347 | ശ്രീമതി.പ്രമീള.പി.പി,അസ്സിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ പോൾ.പി.ചാക്കോ, അസ്സിസ്റ്റന്റ് എഞ്ചിനീയർ (കോൺട്രാക്ട്)<br><br>ശ്രീ ജലിം.എസ്, അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 98887 | ശ്രീ പോൾ.പി.ചാക്കോ, അസ്സിസ്റ്റന്റ് എഞ്ചിനീയർ (കോൺട്രാക്ട്) |

| | | |
|---|---|---|
| ആകെ | 3372422 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| *പേര്, ഉദ്യോഗപ്പേര്* | *സ്ഥിരവിലാസം* | *ഓഡിറ്റ് വേളയിലെ വിലാസം* |
|---|---|---|
| ശ്രീ. പോൾ ചാക്കോ മാർട്ടിൻ, അസി. എഞ്ചിനീയർ (കോൺട്രാക്ട്) | പഴവേലിൽ പടിഞ്ഞാറ്റേതിൽ, തിരുമൂലപുരം പി.ഒ, തിരുവല്ല | ----- |
| ശ്രീ. ജലീം എസ് അസി.എഞ്ചിനീയർ | ഷാമിന മൻസിൽ പാപ്പനംകോട്,പാങ്ങോട്.പി.ഒ പാലോട്,നെടുമങ്ങാട് തിരുവനന്തപുരം | അസിസ്റ്റന്റ് എഞ്ചിനീയർ, കുറ്റൂർ ഗ്രാമപഞ്ചായത്ത് |
| ശ്രീ സി.പി സനൽകുമാർ സെക്രട്ടറി | ഉഴത്തിൽ ശങ്കരം പരുമല.പി.ഒ തിരുവല്ല | സീനിയർ സൂപ്രണ്ട് പി.എ.യു-3 മല്ലപ്പള്ളി |
| ശ്രീമതി ഷീബ.എസ് സെക്രട്ടറി | സിതാര തമലം പൂജപ്പുര.പി.ഒ തിരുവനന്തപുരം | സെക്രട്ടറി കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം |
| ശ്രീമതി പ്രമീള പി.പി അസി.എഞ്ചിനീയർ | കൊച്ചുപറമ്പ് മിത്രക്കരി.പി.ഒ ആലപ്പുഴ | അസി.എഞ്ചിനീയർ തിരുവല്ല മുനിസിപ്പാലിറ്റി |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീ.11.1.2000/13.3.2000 | 2 |
| 1997-98 | എൽ.എഫ്.പിറ്റി.എ/പി3/587/98 തീ.24.3.2000/10.10.2000 | 3 |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 | 19 |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 | 15 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 | 38 |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 | 13 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 | 8 |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/565/08 തീ.30.5.2009 | 1 |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 തീ.30.5.2009 | 3 |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/251/09 തീ.10.8.2009 | 6 |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011 | 18 |
| 2007-08മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 | 2 |
| 2010-11മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 | 11 |
| 2013-14മുതൽ 14-15 വരെ | എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ.5.10.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/1031/17 തീ.15.09.17 | 21 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4.1521/2018 തീയതി 12.12.2018 | 25 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി4-710/2019 തീയതി 17.8.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No.KSA.PTA.P4-710/2019 Date:17.8.19

## CERTIFICATE

Certified that I have examined the Annual Financial Statement of **Kuttoor Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kuttoor Grama Panchayat** for the year 2018-19 except the observations in para 1-12 of my report properly presents the picture of income and expenditure.

**Deputy Director**
**Kerala State Audit Department**
**Pathanamthitta**